# പ്രതികരണങ്ങൾ — 19



**പ്രതികരണങ്ങൾ — 19**
**വായനക്കാർ**
(മലയാളം: പ്രതികരണങ്ങൾ)

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: The reaper lady waiting for the ferry, a painting by Raja Ravi Varma (1848–1906). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# പ്രതികരണങ്ങൾ

## കെ. ജി. എസ്.: ബാക്കി

**കെ. സച്ചിദാനന്ദൻ:** രണ്ടു ദിവസം ഒരു മരണവരയുമായി-ഡെഡ് ലൈൻ-പൊരുതുകയായിരുന്നു. കെ. ജി. എസ്സിന്റെ കവിതകൾ സത്യത്താൽ വിശുദ്ധം. പറയേണ്ടതു പറയാതെ മരിക്കുന്നവർക്കിടയിൽ ജീവിച്ചിരിക്കുന്നവരുടെ വ്യഥ. അനിവാര്യമായ രോഷം. മൂതിയുമായുള്ള അഭിമുഖം. മോഹനന്റെ നിറങ്ങളും. നന്നായി.

## സി. സന്തോഷ് കുമാർ: അങ്കമാലിയിലെ പ്രധാനമന്ത്രി

**കെ. സച്ചിദാനന്ദൻ:** സന്തോഷ് കുമാറിന്റെ ആദ്യസമാഹാരം കാത്തിരിക്കുന്നു. മികച്ച ക്രാഫ്റ്റ്. തെളിഞ്ഞ ഭാവന.

## പി. എസ്. രാധാകൃഷ്ണൻ: വടക്കൻപാട്ടുസിനിമ; സാംസ്കാരികവിശകലനം

**ഒ. അരുൺകുമാർ:** ഒട്ടേറെ പുതുമകൾ സമ്മാനിച്ച എഴുത്തുകാരനാണ് പി. എസ്. രാധാകൃഷ്ണൻ. ബാലരമ മുതൽ ചരിത്രരേഖകൾവരെ റഫർ ചെയ്തുകൊണ്ടുള്ള അദ്ദേഹത്തിന്റെ വിവരണാത്മകത അടിമുടി വിശകലനാത്മകമാണ്. കലയുടെ വിനിമയസന്ദർഭങ്ങൾ ഇത്ര ആഴത്തിൽ മുൻപു പഠിക്കപ്പെട്ടിട്ടില്ല. വടക്കിൽ ഒരു കേരളത്തെ ആരോപിച്ചുണ്ടാക്കുകയായിരുന്നു വടക്കൻപാട്ടു സിനിമകൾ എന്ന നിരീക്ഷണംതന്നെ എത്ര തൂക്കമുള്ളതാണ്.

## ബി. ജെയമോഹൻ: നിറപൊലി

**കെ. സച്ചിദാനന്ദൻ:** രാവിലത്തെ സദ്യ ബഹുകേമം. ജെയമോഹനും രാമനും ഉഗ്രൻ ദേഹണ്ഡക്കാർ. എല്ലാം നള പാകം. (നോവലെങ്കിൽ ഭീമ പാകം എന്നു പറഞ്ഞേനെ.)

**ഒ. അരുൺകുമാർ:** എല്ലാ ഇന്ദ്രിയങ്ങളും തുറന്നുകിട്ടുന്നതിന്റെ സുഖമുണ്ട്. 'ഒ'ണക്ക ഗദ്യം അല്ലെന്നു ചുരുക്കം.

## സച്ചിദാനന്ദൻ: ഗാന്ധി

**കെ. സച്ചിദാനന്ദൻ:** മുപ്പതു വർഷത്തിനുശേഷം ഞാൻ ഈ നാടകം വീണ്ടും വായിച്ചു. ഇന്നാണെങ്കിൽ ഞാൻ എന്തെങ്കിലും തിരുത്തൽ വരുത്തുമായിരുന്നോ എന്നറിയാൻ. ഇല്ല. അന്ത്യരംഗത്തിലെ പ്രത്യാശയ്ക്ക് മങ്ങലേറ്റിട്ടുണ്ട്—കാരണം കണ്ണിലെ ഈർപ്പമാകാം, അഥവാ ഞാൻ കൂടുതൽ വൃദ്ധനായതാകാം. ഇല്ല, ഒന്നും മാറ്റിയെഴുതില്ല. മധുവിനും സന്തോഷിനും ഭട്ടതിരിക്കും സായാഹ്നയ്ക്കുമൊപ്പം, നന്ദി.

**അംബികാസുതൻ മാങ്ങാട്:** മാഷേ , മനസ്സ് തൊട്ടു...

**കരുണാകരൻ:** അങ്ങനെയാണ്, മുപ്പതുവർഷത്തിനുശേഷം സച്ചിദാനന്ദന്റെ “ഗാന്ധി” വീണ്ടും വായിക്കുന്നു. ഒരുപക്ഷേ, അന്നത്തെക്കാൾ തീവ്രതയോടെ ഈ നാടകം ഇന്ന് വായിക്കുന്നത് ഇപ്പോൾ നമ്മൾ അകപ്പെട്ട രാഷ്ട്രീയ സന്ദർഭം കൊണ്ടുതന്നെയാണ്. നാടകത്തിന്റെ അന്ത്യമെത്തുമ്പോൾ നാം വായിക്കുന്ന പ്രതീക്ഷയും പ്രതിജ്ഞയും അരങ്ങിലെ ഒരു മൂടൽമഞ്ഞിന്റെ പശ്ചാത്തലത്തിൽ കേൾക്കുന്നു. അന്ന് ഈ നാടകം വായിക്കുമ്പോൾ ഞാൻ അധികവും ശ്രദ്ധിച്ചത് ഈ നാടകത്തിന്റെ രൂപമായിരുന്നു. അക്കാലത്ത് ഞാൻ വായിക്കുന്ന ബ്രഹ്ത്തിയൻ നാടകങ്ങളുടെ രീതിയും അക്കാലത്ത് മറ്റൊരു ഉണർവ്വ് പകർന്നിരുന്ന ‘തനത്’ നാടക സങ്കൽപ്പവും അവതരണവും ഈ നാടകത്തിന് നൽകുന്ന ഉന്മേഷം, ഇപ്പോഴും, വായനയിൽ, അതേപോലെ നിൽക്കുന്നു. തന്റെ ജീവിതത്തെ ഒരു പൊതു സ്വത്ത് എന്ന വിധം അവതരിപ്പിക്കുന്ന ഗാന്ധിജി, ഒരു “കലാവസ്തു” ആവുന്നതും പ്രകടമായ അതേ അടയാളങ്ങൾ തന്നുകൊണ്ടാണ്. ചരിത്രമായും ജീവിതമായും. ഈ നാടകത്തിൽ നമ്മൾ കണ്ടുമുട്ടുന്നപോലെ. കവിതയും കഥയും നാടകവും ചിത്രവും ഗാന്ധിയെ അപരിചിതമാക്കുന്നില്ല. അത്ര ‘പ്ലൈൻ’ ആണ് ഗാന്ധി കലയിലും. അങ്ങനെ പ്ലൈൻ ആയിക്കൊണ്ട്, ഗാന്ധി കലയ്ക്കും വെല്ലുവിളി ഉയർത്തുന്നു.

അച്ഛൻ ഈറോഡിൽ ജോലി ചെയ്തിരുന്ന കാലത്ത് സ്കൂൾ അവധിയ്ക്ക് അവിടെ പോകുമ്പോൾ പട്ടണത്തിലെ ജംഗ്ഷനിലുണ്ടായിരുന്ന ഗാന്ധി പ്രതിമയുടെ അരികിൽ പോയി ഞാൻ നിൽക്കുമായിരുന്നു. ഗാന്ധിയെ കാണാൻ. നീലനിറം തീണ്ടിയ ആ കല്ലുടലിൽ അങ്ങനെ അല്ലാത്ത ഒന്ന് ആ കണ്ണടയായിരുന്നു. ചില്ലുകൾ ഇല്ലാത്ത അലുമിനിയത്തിന്റെ ഒരു ഫ്രെയിം. ആ കണ്ണട എനിക്ക് സങ്കടം തന്നിരുന്നു. അത് ഗാന്ധിയുടെയല്ല എന്ന തോന്നലായിരുന്നു അന്ന്. ഇന്നത് എത്ര കലാവിരുദ്ധമായിരുന്നുവെന്ന് ഓർക്കുമ്പോൾ രോഷവും വരും. അതുകൊണ്ടാണ് ഇപ്പോൾ എവിടെ ഗാന്ധിയെ കാണുമ്പോഴും ആ കണ്ണട എങ്ങനെ എന്ന് ആദ്യം തിരയുന്നു. നാടകത്തിനൊപ്പം കാണുന്ന ഈ ചിത്രങ്ങളിലും. ഗാന്ധി എന്ന നാടകത്തിന്റെ തലക്കെട്ടിൽ പോലും.

## സായാഹ്ന ഗ്രൂപ്പുമായി ബന്ധപ്പെട്ട മറ്റു ചർച്ചകൾ:

**അശോക്കുമാർ, പി. കെ.:** Sayahna Authors Group.

സായാഹ്നയിൽ പ്രസിദ്ധീകരിക്കുന്ന കൃതികളിൽ എഴുത്തുകാരുടെ ചിത്രവും ലഘുജീവിതരേഖയും നിർബ്ബന്ധമായി കൊടുക്കാറുണ്ട്. പലപ്പോഴും വിക്കി പീഡിയയിൽനിന്നും മറ്റും സ്വീകരിക്കുന്നതിൽ തെറ്റുകളോ അപ്രസക്തമെന്നു കരുതുന്നതോ ആയ വിവരങ്ങളാണു കിട്ടുക.

കെ. ജി. എസ്. ഇത്തരം വിശദാംശങ്ങൾ കൊടുക്കുന്നതിൽ തീർത്തും താല്പര്യമില്ലായ്മ പ്രകടിപ്പിച്ചു. പല എഴുത്തുകാരെ സംബന്ധിച്ചും ഇതാവും അവസ്ഥ എന്നു തോന്നിയതിനാൽ സായാഹ്ന എഴുത്തുകാരുടെ ഒരു വിവരശേഖരണ സംരംഭം തുടങ്ങാമെന്നു കരുതുന്നു.

എഴുത്തുകാർക്കും ഇതിൽ താല്പര്യമുള്ളവർക്കും ഇതിൽ പങ്കെടുക്കാം.

എഴുത്തുകാരന്റെ / കാരിയുടെ പേരും ചേർക്കാനാഗ്രഹിക്കുന്ന വിവരങ്ങളും ഫോട്ടോഗ്രാഫുകളും താഴെകൊടുത്ത ലിങ്ക് വഴി ഗ്രൂപ്പിൽ ചേർന്ന് അതിൽ പോസ്റ്റ് ചെയ്യാവുന്നതാണ്.

ഇങ്ങനെ കിട്ടുന്ന വിവരങ്ങൾ എഴുത്തുകാരുടെ വിശദമായ പരിശോധനയ്ക്കും അംഗീകാരത്തിനും വിധേയമായി സായാഹ്ന വിക്കിയിൽ പ്രസിദ്ധീകരിക്കുകയും പുതുക്കുകയും സംരക്ഷിക്കുകയും ചെയ്യാം.

ഈ ഡിറക്ടറി ഫോൺ പതിപ്പായി പ്രസിദ്ധീകരിക്കുകയും കാലാകാലങ്ങളിൽ ഉന്നയിക്കുന്ന മാറ്റങ്ങൾക്കുവിധേയമാക്കുകയും ചെയ്യാം.

https://chat.whatsapp.com/KorPWXELouJCXe4UXz34bF

—സായാഹ്ന പ്രവർത്തകർ

**സി വി രാധാകൃഷ്ണൻ:** സായാഹ്നയുടെ സെപ്റ്റംബർ കാറ്റലോഗ് ഇവിടെ: http://books.sayahna.org/ml/pdf/releases-sep-20.pdf

(സെപ്റ്റംബർ 27 മുതൽ ഒക്ടോബർ 3 വരെ ലഭിച്ച പ്രതികരണങ്ങളാണ് ഈ ലക്കത്തിലുള്ളത്).

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണു് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളതു്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നതു്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണു് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നതു്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണു്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണു് ഇവയിൽ ഏറ്റവും മുന്തിയതു്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണു്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണു്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണു്. അവ സായാഹ്നപ്രവർത്തകർക്കു് കൂടുതൽ ഉത്തേജനം നൽകുന്നതാണു്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014